# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണിമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1488/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1488/21 തീയ്യതി: 09/02/2022

## കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 02-11-2021 | 17-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-11-2021 | 17-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.ജി.പ്രസാദ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ദർശന വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി.ബി.,സീനിയർ ഗ്രേഡ് ,ഓഡിറ്റർ
ശ്രീ.ബാബുരാജ്.കെ.ബി.,സീനിയർ ഗ്രേഡ് ,ഓഡിറ്റർ

ശ്രീമതി ജാസ്മിൻ എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആൻസി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രേണുകാദേവി അമ്മാൾ എസ്. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷോളി ഫിലിപ്പ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജ്യോതിസ് കെ.എം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ആകർഷ് ജി.കൃഷ്ണൻ | വി.ഇ.ഒ.,മണിമല | 01-04-2019 | 14-12-2019 |
| അരുൺ എൻ.എസ് | വി.ഇ.ഒ.,മണിമല | 15-12-2019 | 31-03-2020 |
| ജിസാ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കാഞ്ഞിരപ്പള്ളി | 01-04-2019 | 31-03-2020 |
| അരുൺ എം | അസി.എഞ്ചിനീയർ | 01-04-2019 | 17-11-2019 |
| പാർവതി വി | അസി.എഞ്ചിനീയർ | 18-11-2019 | 29-12-2019 |
| അരുൺ എം | അസി.എഞ്ചിനീയർ | 30-12-2019 | 31-03-2020 |
| മോളമ്മ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ്ആസിഫ് | മെഡിക്കൽ ആഫീസർ, പി.എച്ച്.സി.,മണിമല | 01-04-2019 | 31-03-2020 |
| പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jasmine (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-2 |
| 3 | സാമ്പത്തികവിശകലനം.<br>Written By: Prasad P G (Audit Officer, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Prasad P G (Audit Officer, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 13-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.B.Baburaj (Auditor, On 15-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതി<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 13-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-10 |
| 11 | അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം<br>Written By: K.B.Baburaj (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-11 |
| 12 | റോഡ്,മേഖല,ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-12 |
| 13 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി - വരവ് തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 12-01-2022) | 1-14 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: K.B.Baburaj (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-15 |
| 16 | കമ്പ്യൂട്ടർ വാങ്ങൽ- കെൽട്രോണിന് അധിക തുക നൽകി<br>Written By: K.B.Baburaj (Auditor, On 17-11-2021)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 09-02-2022) | 1-16 |

| | | |
|---|---|---|
| 17 | നിക്ഷേപ പ്രവൃത്തികൽ - പൂർത്തീകരിച്ചില്ല<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-17 |
| 18 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-18 |
| 19 | പ്രോജക്ട് പ്രകാരം അനുവദിച്ച നൽകിയ പെട്ടിക്കട ഉപയോഗമില്ലാത്ത നിലയിൽ.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-19 |
| 20 | പി.വി.സി. വാട്ടർ ടാങ്ക് വിതരണം ( എസ്.സി) പ്രോജക്ട് --അപാകതകൾ<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-20 |
| 21 | വയോജന സൗഹൃദം കട്ടിൽ വിതരണം (എസ്.സി) - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ- മതിയായ രേഖകളില്ലാതെ ലാപ് ടോപ്പ് നല്കി.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-22 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം -പൂർത്തീകരിച്ചില്ല.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-23 |
| 24 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് പ്രോജക്ട് --അപാകതകൾ<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-24 |
| 25 | പി.എച്ച്.സി യിലേക്ക് മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Jasmine (Auditor, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-25 |
| 26 | ഭവനപുനരുദ്ധാരണം ( എസ്.സി.പി)) അപാകതകൾ<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-26 |
| 27 | പാർട്ട് ബിൽ നല്കി പ്രവൃത്തി അവസാനിപ്പിച്ചത്.<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 13-01-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.<br>Written By: Prasad P G (Audit Officer, On 13-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasmine (Auditor, On 15-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 13-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 13-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 23.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 23.03.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1021306 | 15173528 |
| വരവ് | 118028687 | 50452792 |
| ആകെ | 119049993 | 65626320 |
| ചെലവ് | 116854287 | 47281045 |
| നീക്കിയിരിപ്പ് | 2195706 | 18345275 |

### 1-2 വാർഷിക ധനകാര്യ പത്രിക

മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 82777568/- രൂപയും ചെലവ് 78303242/- രൂപയും തൻവർഷ പ്രവർത്തന ലാഭം 4474326/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 56850693/- രൂപയും ബാധ്യതകളുടെ മൂല്യം 10782077/- രൂപയും ജനറൽ ഫണ്ട് 46068616/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | |
|---|---|---|---|
| | 598393 | 31/12/2018 | 220 |
| | 758277 | 23/05/2017 | 560 |
| | 803795 | 30/12/2019 | 2294 |

'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിലുൾപ്പെടുത്തിയിട്ടുള്ള 27405/-രൂപ വെറ്ററിനറി സർജന് നൽകിയ 1835598, 1835599 (തീയതി.30.3.2015) നമ്പർ ചെക്കുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ടതാണ് എന്ന് കാണുന്നു. മുൻവർഷവും ഇതേ തുക തന്നെയാണ് ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

3. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അതുപോലെ, വാടകയിനത്തിലെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റിലെ ബി- 4 ഷെഡ്യൂളിലെ പല പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും നീക്കിയിരിപ്പ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 320100115, 320100121,

320100, 320100204, 320100205 എന്നീ ശീർഷകങ്ങളിലെ എല്ലാ വരവുകളും ചെലവുകളും വാർഷികധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല.

5. തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

6. ബാലൻസ് ഷീറ്റിലെ ബി- 7 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് മാത്രമാണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നത്. വരവ് , തിരികെ നൽകിയ തുക, നീക്കിയിരിപ്പ് തുക എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

7. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-18 ഷെഡ്യൂൾ പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ വിശദാംശം സംബന്ധിച്ച് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസായി ജീവനക്കാർക്ക നൽകിയ തുക പൂർണ്ണമായും ക്രമീകരിച്ചിട്ടുണ്ടെങ്കിലും ബി- 18 ഷെഡ്യൂളിൽ 460100101 എന്ന ശീർഷകത്തിൽ 8000 രൂപ തിരികെ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

9) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11)ബാലൻസ് ഷീറ്റിലെ ബി- 17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ബി-4 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

12)ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന തുക 3375393 രൂപയാണ് എങ്കിലും വാർഷിക ധനകാര്യ പത്രിക പ്രകാരം ആയത് 3155393 രൂപയാണ്. ലോൺ ഇനത്തിലെ വരവ് 220000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തികവിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 15173528 |
| ഓഡിറ്റ് വർഷത്തെ വരവ് | 50452792 |
| ആകെ | 65626320 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47281045 |
| നീക്കിയിരിപ്പ് | 18345275 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1947096 |

1-4 ഗ്രാന്റ് വിനിയോഗം

വിവിധ ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | അലോട്ട് മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 10725000 | 10725000 | 10480313 | 244687 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12022059 | 12022059 | 7243114 | 4778945 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 538000 | 538000 | 307200 | 230800 |
| ധന.കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | 0 | 0 | 0 | 0 | 0 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 0 | 8200021 | 8200021 | 3152653 | 5047368 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 0 | 3251000 | 3251000 | 2245310 | 1005690 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 0 | 13949000 | 13949000 | 4641657 | 9307343 |
| എം.ജി.എൻ.ആർ.ഇ.ജി. എസ്. | 2361 | 21864733 | 21867094 | 21177529 | 689565 |
| ഐ.സി.ഡി.എസ് | 1308414 | 3489434 | 4797848 | 2480834 | 2317014 |
| ശുചിത്വമിഷൻ | 42697 | 0 | 42697 | 0 | 42697 |

1. ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽനിന്ന് 294118/-രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 257/20 സമ്പൂർണ്ണപാർപ്പിട പദ്ധതി(ലൈഫ് മിഷൻ)ഹഡ്കോ വായ്പ) | 147059 | വികസനഫണ്ട് പൊതുവിഭാഗം |
| 282/20 സമ്പൂർണ്ണപാർപ്പിട | 147059 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| പദ്ധതി(ലൈഫ് മിഷൻ)ഹഡ്കോ വായ്പ) | | |
| ആകെ | 294118 | |

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതി,സംസ്ഥാനാവിഷ്കൃത പദ്ധതികളുൾപ്പെടെയുള്ള വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് വാർഷികകണക്കുകൾ, എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയോഗം 15/10/2018ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 22/10/2018 ലും നടക്കുകയുണ്ടായി. പദ്ധതിരൂപീകരണഗ്രാമസഭ 04/11/2018 മുതൽ 20/11/2018 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 30/11/2018 ലെ വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 12.02.2020ലെ യോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു. വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 06-03-2020ലെ 2707/18/DPC/DPO/KTMഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതിയുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവഴിച്ചത്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 9315830 | 1861921 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 3734000 | 1846905 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 4 | 4 | 1024736 | 1003191 |
| 6 | വി.ഇ.ഒ - 1 | 9 | 7 | 11317695 | 5833490 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 6 | 5 | 4132800 | 3760138 |
| 8 | സെക്രട്ടറി | 32 | 23 | 8518131 | 5816577 |
| 10 | വി.ഇ.ഒ - 2 | 13 | 12 | 7388799 | 2956933 |
| 11 | അസി.എൻജിനീയർ | 127 | 47 | 34359931 | 9383499 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ. | 1 | 1 | 577960 | 577960 |
| 13 | അസി.സെക്രട്ടറി. | 6 | 6 | 1550233 | 1153768 |
| | ആകെ | 211 | 117 | 81920115 | 34194382 |

അംഗീകാരം കിട്ടിയ 211 പ്രോജക്ടുകളിൽ 117 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 42 ശതമാനമാണ് ചെലവ്.

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ , സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ലക്ഷ്യം ഹരിതകേരള മിഷന്റെ ആശയവുമായി യോജിക്കുന്നു.

ലൈഫ് ഭവനപദ്ധതി, ബയോഗ്യാസ് പ്ലാന്റ്, ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട പ്രോക്ടുകൾ എന്നിവ വാസയോഗ്യമായ ഭവനം, മാലിന്യനിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ്. സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, എസ്.സി, എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ,അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. ആയുർവേദാശുപത്രി, ഹോമിയോ ആശുപത്രി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ, പഞ്ചായത്തോഫീസിന്റെ ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് എന്നീ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ്, അങ്കണവാടികളുടെ നിർമ്മാണത്തിനായി ദേശീയതൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ, പോസ്റ്റ് മാറ്റലിനായി ഇലക്ട്രിസിറ്റിബോർഡ് എന്നിവയിൽ തുക നിക്ഷേപിക്കൽ, തെരുവ് വിളക്ക് പരിപാലനം എന്നിങ്ങനെയുള്ള പ്രവൃത്തികളുടെ നിർവഹണം സെക്രട്ടറി നടത്തിയിട്ടുണ്ട്.

റോഡുകളുടെയും നടപ്പാതകളുടെയും കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് അസി.എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഏറെയും. റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. ആകെ അംഗീകാരം ലഭിച്ച 127 പ്രോജക്ടുകളിൽ 50എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ നടപ്പിലാക്കിയത് 47 എണ്ണമാണ്. റോഡ് കോൺക്രീറ്റിംഗ് ഉൾപ്പെടെ 1ലക്ഷത്തിൽ കുറവ് തുക അടങ്കലുള്ള നിരവധി പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത , തുടർപുരോഗതിക്കുള്ള സാദ്ധ്യതകൾ എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

സ്പിൽ ഓവർ പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്നതിൽ നിന്ന് ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കുന്നതല്ലയെന്നാണ് വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല. കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചുമതല നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ല. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നൽകുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ലഭ്യമായ സർക്കാർ ഗ്രാന്റുകളിൽ 2.06 കോടി രൂപ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 244687 |
| വികസന ഫണ്ട്-എസ്.സി.പി | 4778945 |
| വികസന ഫണ്ട്-ടി.എസ്.പി | 230800 |
| ധന.കമ്മീഷൻ ഗ്രാന്റ്,(ടൈഡ്) | 0 |
| ധന.കമ്മീഷൻ ഗ്രാന്റ്,(അൺടൈഡ്) | 5047368 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 1005690 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9307343 |
| ആകെ | 20614833 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-2020 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 3182 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2019-20 വർഷം 140 പദ്ധതികൾ വിഭാവനം ചെയ്തു. സാങ്കേതിക അനുമതി ലഭിച്ച 137 പ്രോജക്ടുകളിൽ 137 എണ്ണം തൻവർഷം നടപ്പിലാക്കി. 70621 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1205 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 165 അയൽക്കൂട്ടങ്ങളിൽ 161 അയൽക്കൂട്ടങ്ങൾ പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. മഴക്കുഴി, റബ്ബർ ബോർഡ് അംഗീകൃത പ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2361 | 963204 | 965565 | 276000 | 689565 |
| ഇ.എഫ്.എം.എസ് | 0 | 20901529 | 20901529 | 20901529 | 0 |
| ആകെ | 2361 | 21864733 | 21867094 | 21177529 | 689565 |

## 1-7 ക്ഷേമ പദ്ധതി

2019-20 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48240 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 1338000 | 218 |
| വിധവാ പെൻഷൻ | 3933000 | 690 |
| വാർദ്ധക്യകാല പെൻഷൻ | 8758200 | 1506 |
| വികലാംഗ പെൻഷൻ | 1501100 | 271 |
| അവിവാഹിത പെൻഷൻ | 202800 | 32 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021, 3P.M. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2439/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നു. . ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വൗച്ചറുകൾ ക്രമമായി നമ്പരിട്ട് സബ് വൗച്ചറുകളുൾപ്പെടെ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്. വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ മതിയായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.വാടകയ്ക്ക് കൊടുക്കുന്നതും കൊടുക്കാത്തതും ഉൾപ്പെടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ മുറികളുടെയും വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിൽ മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. പശ്ചാത്തലമേഖലയിലുൾപ്പെടെ പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, പ്രവൃത്തികളുടെ മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവയിൽ പുലർത്തേണ്ട നിഷ്കർഷകൾ പാലിക്കുന്നതിൽ മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവഹണവേളയിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/12/2019 | 10/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/04/2016-27/04/2016 | 2011-16 | LBA(HQ)1/8A-2427/ 2016 Dtd 12/5/2016 |

## 1-11 അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ എന്ന ഉപയോഗക്രമത്തിലുള്ള

കെട്ടിടങ്ങളുടെ നികുതി നിർണ്ണയം

ഗ്രാമ പഞ്ചായത്തിൽ അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ,സിനിമ തിയേറ്റർ, ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 5 മാത്രമാണ്. അസംബ്ലി, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, ഹാൾ എന്ന വിനിയോഗഗണത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 4/6 | വികാരി, സെന്റ് ജയിംസ് ചർച്ച് ,കറിക്കാട്ടൂർ |
| 2 | 4/12 B | ചെയർമാൻ, മണിമല സെൻട്രൽ ഡവ.ട്രസ്റ്റ് |
| 3 | 7/1 | ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് |
| 4 | 10/340 | സെക്രട്ടറി, എൻ എസ് എസ് കരയോഗം, ആലപ്ര |
| 5 | 15/410 | സെക്രട്ടറി,വിശ്വകർമ്മ മഹാസഭ, കറിക്കാട്ടൂർ |

വിവാഹ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ ആഡിറ്റോറിയം/ഹാൾ ആയി ഉപയോഗിയ്ക്കപ്പെടുന്നവയാണ് എന്ന് കാണുന്നു.

1. ഹോളി മാഗി ഫെറോന ചർച്ച് പാരിഷ്ഹാൾ

2. സെന്റ് ആന്റണീസ് ചർച്ച് പാരിഷ്ഹാൾ

3. എസ്.എച്ച് ചർച്ച് പാരിഷ്ഹാൾ, കരിമ്പനകുളം

4. അന്നപൂർണ്ണേശ്വരി ക്ഷേത്രം ഹാൾ

ഹോളി മാഗി ഫൊറോന ചർച്ച് പാരിഷ്ഹാൾ, എസ്.എച്ച് ചർച്ച് പാരിഷ്ഹാൾ എന്നീ രണ്ടു ഹാളുകളും നികുതി നിർണ്ണയിക്കാതെ ഉപയോഗിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കെട്ടിടനികുതി നിർണ്ണയിച്ച് അധികൃതമാക്കണമെന്നറിയിച്ച് പള്ളി അധികാരികൾക്ക് കത്ത് നൽകിയിരുന്നെങ്കിലും പ്രതികരിക്കാത്തതിനാൽ കേ.പ.രാജ് നിയമത്തിലെ 235 Wപ്രകാരം 14/01/2021 കത്ത് നൽകുകയും തുടർന്ന് 23/07/2021 ൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പള്ളി അധികാരികളുടെ യോഗം വിളിയ്ക്കുകയും അനുബന്ധ രേഖകൾ സഹിതം അടിയന്തിരമായി ക്രമവത്കരണ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.4) മറുപടി ലഭിച്ചിട്ടുണ്ട്. കൂടാതെ, സെന്റ് ആന്റണീസ് ചർച്ച് പാരീഷ് ഹാളിന്റെ ക്രമവത്കരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും അന്നപൂർണ്ണേശ്വരി ക്ഷേത്രം ഹാളിന് നികുതി നിർണ്ണയിയ്ക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ആരാധനാലയങ്ങളുടെ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 78 കെട്ടിടങ്ങളുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ, ഗ്രാമ പഞ്ചായത്തിൽ പാരിഷ്ഹാൾ /അസംബ്ലി /ആഡിറ്റോറിയം ആയി ഉപയോഗിയ്ക്കപ്പെടുന്ന കെട്ടിടങ്ങളുണ്ടോ എന്ന് പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

1-12 റോഡ്,മേഖല,ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

I) കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം, പഴക്കം, മേഖല, റോഡ് സൗകര്യം, സെൻട്രലൈസ്ഡ് എ.സി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'സഞ്ചയ' വസ്തുനികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യതയില്ലാത്ത വിവരങ്ങൾ നൽകുന്നത് തെറ്റായ നികുതി നിർണ്ണയത്തിനിടയാക്കുന്നുണ്ട്. കെട്ടിട നികുതി നിർണ്ണയ വിവരങ്ങൾ 'സഞ്ചയ'യിൽ പരിശോധിച്ചതിൽ ഇത്തരം ധാരാളം അപാകതകൾ നിലവിലുള്ളതായി കാണുന്നു. കെട്ടിടം സ്ഥിതിചെയ്യുന്ന മേഖലയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ വരുത്തേണ്ട ഇളവുകൾ/വർദ്ധനവുകൾ

നിർണ്ണയിക്കുന്നതിനായി പഞ്ചായത്ത് ഭൂപ്രദേശം മേഖലകളായി തിരിച്ച് വിജ്ഞാപനം ചെയ്തതിൻ പ്രകാരം താഴെപ്പറയുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നു.

1. മണിമല മുതൽ പൊന്തൻപുഴ വരെ സ്റ്റേറ്റ് ഹൈവേയുടെ ഇരുവശവും 100 M

2. മുക്കട പ്ലാച്ചേരി റോഡ് ഇരുവശവും 150 M വീതം

3. പൊന്തൻപുഴ മുതൽ പുളിക്കാംപാറ വരെ ഇരുവശവും 50M വീതം

4. കറിക്കാട്ടൂർ കവല മുതൽ മരോട്ടിച്ചുവട്ട വരെ ഇരുവശവും 50M വീതം

5. മണിമല മാർക്കറ്റ് ജംഗ്ഷൻ പെരുന്നേക്കവല വള്ളംചിറ റോഡിൽ ഇരുവശവും 100M വീതം

6. പൊന്തൻപുഴ മുക്കട റോഡിന് ഇരുവശവും 100M വീതം

എന്നാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന വളരെയധികം കെട്ടിടങ്ങളെ ദ്വിതീയ/ത്രിതീയ മേഖലകളിൽ പെടുത്തി അനർഹമായ ഇളവ് നൽകിയിട്ടുള്ളതായി കാണുന്നു. ഒരേ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിവിധ കെട്ടിടങ്ങളെ വ്യത്യസ്ഥ മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. അതുപോലെ, പ്രധാന റോഡുകളോട് ചേർന്നുള്ള കെട്ടിടങ്ങൾക്ക് പോലും റോഡുകളുടെ തരം 'ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ' എന്ന ഗണത്തിൽപെടുത്തി ഇളവ് നൽകിയിട്ടുള്ളതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മണിമല റാന്നി റോഡിനോട് ചേർന്നുള്ള 1/536, 1/517,4/383, 4/384 നം.കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും റോഡിന്റെ തരം 'ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ' യും ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം അടിസ്ഥാന വസ്തുനികുതിയിൽ ബാധകമായ വർദ്ധവ് നൽകാതിരിക്കുന്നതിനും അനർഹമായ ഇളവ് നൽകുന്നതിനും ഇടയാക്കിയിട്ടുള്ളതായി കാണുന്നു.

1/536, 1/517 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ പിഴവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും 4/383, 4/384 എന്നീ കെട്ടിടങ്ങൾ റാന്നി -മണിമല റോഡരികിലല്ല സ്ഥിതി ചെയ്യുന്നതെന്നും ചാരുവേലി റോഡിന് സമീപത്താണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് ( നം. 6) മറുപടി നൽകിയിട്ടുണ്ട്.

2. പൊന്തൻപുഴ മുക്കട റോഡ് സമീപ റോഡായി വരുന്ന 6/193, 6/208 A മുതൽ 6/208 H വരെയുള്ള കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും റോഡിന്റെ തരം 5 മീറ്ററിൽ താഴെ എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

ടി കെട്ടിടങ്ങളെ പ്രാഥമിക മേഖലയിലുൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് രേഖാമൂലം (6-ാം നമ്പർ എൻക്വയറിക്കുള്ള മറുപടി) അറിയിച്ചിട്ടുണ്ട്.

3. റ്റി.ജെ.തോമസ്, തയ്യിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള മണിമല റാന്നി റോഡിനോട് ചേർന്നുള്ള 14/385 , 14/386 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ ആദ്യത്തേതിന് റോഡിന്റെ തരം 'അഞ്ച് മീറ്ററിൽ' കൂടുതൽ എന്ന ഗണത്തിൽപ്പെടുത്തി 20% നികുതി വർദ്ധനവ് നൽകിയപ്പോൾ രണ്ടാമത്തേതിന് റോഡിന്റെ തരം' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ' എന്ന വിഭാഗത്തിൽപ്പെടുത്തിയത് കുറഞ്ഞ നികുതി നിർണ്ണയത്തിന് ഇടയാക്കിയിട്ടുണ്ട്.

14/386 നമ്പർ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4. ശ്രീ. കെ.ജെ.വർഗ്ഗീസ്, കൊച്ചുമുറിയിൽ എന്നയാളുടെ ഉടമസ്ഥതയിൽ മണിമല റാന്നി റോഡ് സമീപ റോഡായുള്ള 1/506, 506A, 506 B, 506 C നമ്പർ കെട്ടിടങ്ങളിൽ 506, 506 C നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ മേഖല ദ്വിതീയവും റോഡിന്റെ തരം ' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ 'യും 506 A നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ മേഖല ദ്വിതീയവും റോഡിന്റെ തരം ' ഒന്നര മീറ്ററിൽ താഴെയും 506 B നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ മേഖല ത്രിതീയവും റോഡിന്റെ തരം ' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ 'യും ആയാണ് അടിസ്ഥാന വസ്തുനികുതിയിൽ ഇളവുകൾ നൽകിയിട്ടുള്ളത്.

ടി കെട്ടിടങ്ങളുടെ പ്രവേശനമാർഗ്ഗം മണിമല -റാന്നി റോഡിൽ നിന്നുമല്ല കറിക്കാട്ടൂർ മിനി ഇൻഡസ്ട്രിയൽ റോഡിൽ നിന്നുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

Ii) ലൈസൻസുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 160 | 4/215 A | പൊന്നച്ചൻ പി.കെ, പതിക്കൽ | ഫൈബർ കതക്, ജനൽ നിർമ്മാണം, വില്പന | സ്റ്റോറേജ് ഷെഡ് ഷെഡ് |
| 71 | 5/103 A | ത്രേസ്യാമ്മ തോമസ്, വയലിൽ | സിമന്റ് കട്ട നിർമ്മാണം | ഇഷ്ടിക ചൂള |
| 66 | 15/144A | ജോസഫ് സി.റ്റി, ചേംപ്ലാനിക്കൽ | സിമന്റ് കട്ട നിർമ്മാണം | ഇഷ്ടിക ചൂള |
| -- | 9/159 | ലൂക്കാ വർഗ്ഗീസ്, ഇലവനാമുക്കട | ബേക്കറി | പാർപ്പിടം |

ടി കെട്ടിടങ്ങളുടെ വിനിയോഗ ഗണം നിശ്ചയിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പ്രവേശനമാർഗ്ഗമായ റോഡും അതുപോലെ മേഖലയും രേഖപ്പെടുത്തുമ്പോൾ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കൃത്യത പുലർത്താൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ത് കൂടാതെ, റോഡ്, മേഖല, ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ട മറ്റ് കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടെ കാര്യത്തിലും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30/-രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി നിർണ്ണയിച്ചിട്ടുള്ളത്. ശ്രീ. കെ.വി.ചാണ്ടി, കൊച്ചിടശ്ശേരിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 110.15 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള 4/384 നം. കെട്ടിടത്തിന് 100 ച.മീറ്ററിനു താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 50/- രൂപ നിരക്കിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.5) മറുപടി ലഭിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി - വരവ് തുകകൾ പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ രജിസ്റ്റർ/ഡേ ബുക്ക് പ്രകാരം വരവില്ലാത്ത ചുവടെ ചേർക്കുന്ന ഇടപാടുകൾക്ക് തൊഴിൽ നികുതി ലെഡ്ജർ/ ബാങ്ക് ബുക്ക് പ്രകാരം വരവുള്ളതുമായി കാണുന്നു.

| ശീർഷകം | വിവരണം | വൗച്ചർ നം & തീയതി | തുക |
|---|---|---|---|
| 431300101 | Correction Entry Of Vr.No.119080102526 | 41900288 | 1440 |
| 450210102 | Prof Tax:SBT Manimala | V.No:119010900069;<br>30 May 2020 | 37090 |
| 450210102 | Treasury TSB A/C;<br>Prof Tax | V.No:119010900084;<br>31 Mar 2020 | 7000 |
| 450210102 | Treasury TSB A/C | V.No:119010900089;<br>31 Mar 2020 | 7000 |
| 450210102 | Prof Tax:SBT Manimala | V.No:119010900100;<br>31 Mar 2020 | 24470 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ 864670/-വരവുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം ₹ 775840/- മാത്രമാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ 88,830/- രൂപയുടെ വ്യത്യാസം കാണുന്നു.

സാംഖ്യ രേഖകൾ പരിശോധിച്ചതിൽ ടി തുകകൾ (വരവ്) ഇരട്ടിപ്പ് ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 37090 രൂപ 02/02/2020 തീയതിയിലെ 2200795നമ്പർ പേമെന്റ് വൗച്ചർ പ്രകാരം ക്രമീകരിച്ചതായും 827580 രൂപയുടെ വിവരങ്ങൾ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബിൽ രജിസ്റ്ററുമായി ഒത്തുനോക്കി ബോധ്യപ്പെട്ടതിനുശേഷം അറിയിക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 15 തീയതി 16.11.2021) മറുപടി ലഭിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വരവില്ലാത്ത തുകകൾ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ടിംഗിലെയും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെയും ജാഗ്രതയില്ലായ്മയാണ് വ്യക്തമാകുന്നത്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ള ലൂക്കാ വർഗ്ഗീസ്, ഇലവനാമുക്കട എന്നയാളുടെ ഉടമസ്ഥതയിലുള്ള ബേക്കറി പ്രവർത്തിയ്ക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള 9/159 കെട്ടിടത്തിലാണ്.

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 503 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 24 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 2 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 17 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ | 2 |

| | | |
|---|---|---|
| | സെന്റർ,ഫ്യവൽ സ്റ്റേഷൻ | |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 110 |
| 7 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 34 |
| | ആകെ | 692 |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 692 കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 172 സ്ഥാപനങ്ങൾ മാത്രമാണ്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസെടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുള്ളതായി 27.02.2021 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ വൈസ് പ്രസിഡന്റ് തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് 175 സ്ഥാപനങ്ങൾ മാത്രമാണ്.

ഗ്രാമപഞ്ചായത്തിൽ 692 കെട്ടിടങ്ങൾ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാ കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ നടത്തി വരുന്നില്ലാത്തതും കോവിഡ് പ്രതിസന്ധി മൂലം വളരെയധികം സ്ഥാപനങ്ങൾ താത്കാലികമായും സ്ഥിരമായും പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 7) മറുപടി ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 കമ്പ്യൂട്ടർ വാങ്ങൽ- കെൽട്രോണിന് അധിക തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ MGNREGS ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ട് (നം. 277/20) പ്രകാരം കെൽട്രോണിന് ₹ 80258/- പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തനത്ഫണ്ടിൽ നിന്നും ചെക്ക് നം. 671172തീയതി 17.02.2020 പ്രകാരം നൽകുകയുണ്ടായി. എന്നാൽ, 19.08.2020 ലെ ടാക്സ് ഇൻവോയിസ് നം. PYSI20015210 പ്രകാരം 77172/- രൂപയാണ് കമ്പ്യൂട്ടറുകളുടെ വിലയായി നൽകേണ്ടിയിരുന്നത് എന്ന് കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 9) മറുപടി ലഭിച്ചിട്ടില്ല. അധിക തുകയായി നൽകിയ ₹3086/- കെൽട്രോണിൽ നിന്നും തിരികെ ലഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങളും തുകയുടെ വിനിയോഗ വിശദാംശങ്ങളും ലഭിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| പൊതുമരാമത്ത് വകുപ്പ്,ഇലക്ട്രിക്കൽ സബ് ഡിവിഷൻ | 204/20,പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ അധികതുക അടവാക്കൽ | 365667 (332632-വികസന ഫണ്ട്, |

| | | |
|---|---|---|
| | | 33035-തനതു ഫണ്ട്) |
| പൊതുമരാമത്ത് വകുപ്പ്,ഇലക്ട്രോണിക്സ് സബ് ഡിവിഷൻ | 167/20,പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 185200 (വികസന ഫണ്ട്) |
| പൊതുമരാമത്ത് വകുപ്പ്,ഇലക്ട്രിക്കൽ സബ് ഡിവിഷൻ | 168/20,പഞ്ചായത്തോഫീസ് ഇലക്ട്രിഫിക്കേഷൻ | 300000 (വികസന ഫണ്ട്) |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 263/20,വൈദ്യുത പോസ്റ്റ് മാറ്റൽ | 69147 (തനതു ഫണ്ട്) |
| എം.ജി.എൻആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ. | 278/20,1-ാം വാർഡ് അങ്കണവാടിനിർമ്മാണം അധികതുക അടവാക്കൽ | 55786(തനതു ഫണ്ട്) |
| എം.ജി.എൻആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ. | 280/20,11ാം വാർഡ് അങ്കണവാടിനിർമ്മാണം അധികതുക അടവാക്കൽ | 210224 (തനതു ഫണ്ട്) |
| കേരള വാട്ടർ അതോറിട്ടി | 165/20,പൈപ്പ് ലൈൻ നീട്ടൽ | 290000 (ധനകാര്യ കമ്മീഷൻ |
| | | 1476024 |

തുകയുടെ വിനിയോഗ/പ്രവൃത്തിപൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ ആകെ ചെലവ് 1476024/- രൂപ തടസ്സപ്പെടുത്തുന്നു.

1-18 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

| പ്രവൃത്തി | കരാറുകാരൻ | കരാർ തീയതി/കാലാവധി | പൂർത്തീകരണ തീയതി/അളവ് രേഖപ്പെടുത്തിയ തീയതി/കരാർ തുക | റിമാർക്സ് |
|---|---|---|---|---|
| 190/20, ഉപ്പുകുളം ഉറികുന്നേൽ റോഡ് സംരക്ഷണഭിത്തി | വി.വി ലതാദേവി | 01-11-2017, 6മാസം | 14-03-2019 എം.ബുക്ക് 72/18-19, 209310/ | 14-03-2019 ൽ പാർട്ട് ബിൽ നല്കുകയാണ ണ്ടായത്. |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കേണ്ട പിഴ-10465/ |
| 188/19, ആയുർവേദാശുപത്രി അടിസ്ഥാനസൗകര്യം | മനോജ് തോമസ് | 24/02/18, 6 മാസം | 26/03/19 എം.ബുക്ക് 69/18-19, 32813/ | ഈടാക്കേണ്ട പിഴ-1640/ |
| 187/19-20, ചെറുവള്ളി കടവ് സംരക്ഷണം | അനിൽകുമാർ.വി.ജി | 26-10-17, 5 മാസം | 20-03-19, എം.ബുക്ക് 66/18-19, 125213/ | ഈടാക്കേണ്ട പിഴ-8765/ |
| 186/19-20, വട്ടകുന്നംമല പൊതുശ്മശാനം റോഡ് | അനിൽകുമാർ.വി.ജി | 24-10-17, 3മാസം | 11-03-19, എം.ബുക്ക് 61/18-19, 258778/ | ഈടാക്കേണ്ട പിഴ-18114/ |
| 239/20, ഏഴോലിക്കുളം നവീകരണം | ബിജു തോമസ് | 05-10-2017, 6മാസം | 13-11-19, എം.ബുക്ക് 94/18-19, 107957/ | ഈടാക്കേണ്ട പിഴ-11875/ |

പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥന് കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നല്കുക, സപ്ലിമെന്ററി കരാർ വച്ച് പ്രവൃത്തി തുടരുക മുതലായ നടപടി ക്രമങ്ങളൊന്നും പാലിക്കുകയും ചെയ്തിട്ടില്ല. മതിയായ നടപടിക്രമങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും കരാറുകാർക്ക് ബില്ല് പ്രകാരമുള്ള തുക അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ തെറ്റായ നടപടിയാണ്. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-19 പ്രോജക്ട് പ്രകാരം അനുവദിച്ചു നൽകിയ പെട്ടിക്കട ഉപയോഗമില്ലാത്ത നിലയിൽ.

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വികലാംഗരായ ഗുണഭോക്താക്കൾക്ക് പെട്ടിക്കട അനുവദിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പ്രോജക്ടിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രോജക്ട് നമ്പർ | ചെലവ്തുക | ഫണ്ടിനം | ബിൽനം, തീയതി |
|---|---|---|---|---|
| എസ്.സി.പി | 247/20 | 120000/- | എസ്.സി.പി | 13/24.2.20/ 40000<br>14/28.2.20/ 40000<br>15/12.3.20/ 40000 |

പ്രോജക്ട് പ്രകാരം പെട്ടിക്കട ഒന്നിന് 40000 രൂപ വീതം ചെലവഴിച്ച് ചുവടെ ചേർക്കുന്ന മൂന്ന്

ഗുണഭോക്താക്കൾക്ക് പെട്ടിക്കട നിർമ്മിച്ച് നൽകിയിരുന്നു.

1) സാബു, പാറക്കാമുറി, ആലപ്ര, മണിമല

2) സുകുമാരൻ, കോയിക്കമേപ്പുറത്ത്, ആലപ്ര, മണിമല

3) അനീഷ്.പി.എം, പാറക്കൽ, മുക്കട

12.11.2021ൽ സ്ഥലപരിശോധന നടത്തിയതിൽ സാബു, പാറക്കാമുറി, സുകുമാരൻ, കോയിക്കമേപ്പുറത്ത് എന്നിവരുടെ പെട്ടിക്കട നാളിതുവരെ കച്ചവടം തുടങ്ങിയിട്ടില്ല എന്ന് കണ്ടു. മാത്രമല്ല സുകുമാരൻ, കോയിക്കമേപ്പുറത്ത് എന്നയാൾക്ക് നൽകിയ പെട്ടിക്കട മേൽക്കൂര ഇല്ലാതെ മഴനനഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്നതായും കണ്ടു. അനീഷ്.പി.എം, പാറക്കൽ, എന്നയാൾ മരണപ്പെട്ടുപോയി എന്നാണ് അറിയിച്ചിട്ടുള്ളത്. ടിയാളുടെ കുടുംബത്തിന് ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/19-20ന് ലഭ്യമാക്കിയ മറുപടിയിൽ പെട്ടിക്കടകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ 120000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പെട്ടിക്കടകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പി.വി.സി. വാട്ടർ ടാങ്ക് വിതരണം ( എസ്.സി) പ്രോജക്ട് --അപാകതകൾ

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ് തുക | ഫണ്ടിനം | ബിൽ നം. തീയതി |
|---|---|---|---|
| 7/20 | 155344/- | എസ്.സി.പി 96165 | 7/16.12.19 |

പ്രോജക്ടിനായി A1-01/19 21.08.19 പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ദർഘാസ് നോട്ടീസ് പ്രകാരം 500 ലിറ്ററിന്റെ പി.വി.സി.ടാങ്കിന് ഐ.എസ്.ഒ/ ഐ.എസ്.ഐ സർട്ടിഫിക്കറ്റ് നിർബന്ധം എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ലഭ്യമായ ക്വട്ടേഷൻ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | ഹയ്യാ ട്രേഡിംഗ്, താമരക്കുളം, ആലപ്പുഴ | സെൽടെക്- (ഐ.എസ്.ഒ) 2375/- 10 വർഷം വാറന്റി<br>അക്വാലിങ്ക്-(ഐ.എസ്.ഒ) 1690/- 5 വർഷം വാറന്റി |
| 2 | വിക്ടോറിയ പോളിഫോം, അരിമ്പൂർ, | ഒഷീൻ-(ഐ.എസ്.ഐ) 2850/-<br>10 വർഷം വാറന്റി |
| 3 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വൈക്കം | അരുൺ -(ഐ.എസ്.ഒ)1655/- |

വിക്ടോറിയ പോളിഫോം ക്വോട്ട് ചെയ്ത 2850/- രൂപയുടെ ടാങ്കിന് 10 വർഷം വാറന്റിയുള്ളതിനാൽ അംഗീകരിക്കാവുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തുന്നതിന് ഭരണസമിതി 30.09.2019ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം അംഗീകാരം

നൽകി. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പത്തുവർഷം വാറന്റിയുള്ള ടാങ്കിന് ഇതിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ഹയ്യാ ട്രേഡിംഗ്, താമരക്കുളം, ആലപ്പുഴ ( 2375/- രൂപ) എന്ന സ്ഥാപനമാണ്. മാത്രമല്ല ദർഘാസ് ക്ഷണിച്ചപ്പോൾ വാറന്റി ആവശ്യപ്പെട്ടിരുന്നില്ല. ദർഘാസ് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വൈക്കം (1655/-) ആണ്. 2020-21 സാമ്പത്തികവർഷം പ്രോജക്ട് സ്പിൽ ഓവറാക്കി 183/21 നമ്പരായി അംഗീകാരം നേടി എസ്.സി.പി. ഫണ്ടിൽ നിന്നും 113835/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/19-20ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക 96165/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 വയോജന സൗഹൃദം കട്ടിൽ വിതരണം (എസ്.സി) - നിർവ്വഹണത്തിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ. പട്ടികജാതി വിഭാഗത്തിനായി നടപ്പാക്കിയ പ്രോജക്ടാണ്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ് തുക | ഫണ്ടിനം | ബിൽ നം. തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 177/20 (S.O) | 157358/-രൂപ | എസ്.സി.പി | 2/10.5.19/ 82820/- 3/10.5.19/ 74538/- | അസിസ്റ്റന്റ് സെക്രട്ടറി |

2018-19 സ്പിൽ ഓവർ പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ദർഘാസ് നോട്ടീസ് പ്രകാരം സ്റ്റീൽ/തടി എന്നിവകൊണ്ട് നിർമ്മിച്ച കട്ടിലുകൾക്കാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ടെൻഡർ നടപടിക്രമങ്ങൽ പാലിച്ച് ടെൻഡർ സ്വീകരിച്ചതിന് ശേഷം മതിയായ കാരണങ്ങൾ വ്യക്തമാക്കാതെ ദർഘാസ് നടപടികൾ റദ്ദ് ചെയ്യുകയും 11.10.2018 ലെ A1-1/18 നമ്പർ നോട്ടീസ് പ്രകാരം പുനർ ദർഘാസ് പരസ്യം നൽകുകയും ചെയ്തു. ഇത് പ്രകാരം കട്ടിലിന്റെ സ്പെസിഫിക്കേഷൻ പറഞ്ഞിട്ടുള്ളത് സ്റ്റീൽ/തടി (പ്ലാവ് /തേക്ക്) എന്നാണ്. ആകെ നാല് സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക തടികൊണ്ടുള്ള കട്ടിലിന് | ക്വോട്ട് ചെയ്ത തുക സ്റ്റീൽ കൊണ്ടുള്ള കട്ടിലിന് |
|---|---|---|---|
| 1 | എം.എച്ച്. ഏജൻസീസ്, അരുണാപുരം | പ്ലാവ്- 3890, തേക്ക്- 4090, 4260 | സ്റ്റീൽ- 3810 |
| 2 | ഡെക്കോറാത്ത് ഫർണിച്ചർ മാർട്ട് ഈരാറ്റുപേട്ട | പ്ലാവ്-4248, 4051 തേക്ക്-4141, 4338 | സ്റ്റീൽ- |
| 3 | തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് | - | സ്റ്റീൽ- 3990, 4149, 4230, 4320 |
| 4 | ലാലു എം.ജി, മേലേഴത്ത്, മണിമല | - | സ്റ്റീൽ-4200 |

വാങ്ങൽ നടപടിയിലെ അപാകതകൾ

സ്റ്റീൽ കട്ടിലിന് 4200/- രൂപ ക്വോട്ട് ചെയ്ത ലാലു എം.ജി. യ്ക്ക് സെലക്ഷൻ നോട്ടീസയയ്ക്കുകയും ടിയാൾ സമയബന്ധിതമായി കരാറിൽ ഏർപ്പെടാത്തതിനാൽ ഡെക്കോറാത്ത് ഫർണിച്ചർ മാർട്ട് ക്വോട്ട് ചെയ്ത 4141/- രൂപയുടെ തേക്ക് തടിയിൽ നിർമ്മിച്ച കട്ടിലിന് സെലക്ഷൻ നോട്ടീസയച്ച് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റീലിൽ നിർമ്മിച്ച കട്ടിലിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് എം.എച്ച്. ഏജൻസീസ്, അരുണാപുരം (3810/- രൂപ) ആണ്. ഇവരെ ഒഴിവാക്കി ലാലു എം.ജി.യെ തെരഞ്ഞെടുത്തത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. തേക്ക് തടിയിൽ തീർത്ത കട്ടിലിനും വാങ്ങൽ നടത്തിയതിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് എം.എച്ച്. ഏജൻസീസ്, അരുണാപുരം (4090രൂപ) ആണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/19-20ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക 157358/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ- മതിയായ രേഖകളില്ലാതെ ലാപ് ടോപ്പ് നല്കി.

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 2/20) 20 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നമ്പർ 5/19-20, 8/19-20 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 450000/- രൂപയും, തനത് ഫണ്ടിൽ നിന്നും 4060/- രൂപയും ഉൾപ്പടെ ആകെ 454060/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലാപ്ടോപ്പ് വിതരണം ചെയ്തതിൽ രണ്ട് ഗുണഭോക്താക്കൾ യൂണിവേഴ്സിറ്റി അഫിലിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നിശാന്ത്കുമാർ പി., മണ്ണൂപ്പറമ്പിൽ, പൂവത്തോലി എന്ന ഗുണഭോക്താവ് ഒന്നാം വർഷ മെക്കാനിക്കൽ എൻജിനീയറിംഗിന് മാർത്താണ്ഡം കോളേജ് ഓഫ് എൻജിനീയറിഗ് എന്ന സ്ഥാപനത്തിൽ പഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) അനഘമോൾ പി.ആർ, പോടിപ്പാറ, ആലപ്ര എന്ന ഗുണഭോക്താവ് ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് ശ്രീ.വെങ്കിടേശ്വരാ കോളേജ് ഓഫ് നഴ്സിംഗ് എന്ന സ്ഥാപനത്തിൽ പഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലാപ്ടോപ്പ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/19-20ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ രണ്ട് ലാപ്ടോപ്പുകൾക്കായി ചെലവഴിച്ച 45406/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കി 45406/- രൂപയുടെ ചെലവ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം -പൂർത്തീകരിച്ചില്ല.

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ, നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 201/20 SO) പ്രകാരം തൻവർഷം എസ്.സി.പി ഫണ്ടിൽ നിന്നും 250000/- രൂപ ചെലവഴിച്ച് 5 ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ SO085/19 എന്ന പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയിട്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത 6 ഗുണഭോക്താക്കളുടെ

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 2019-20 സാമ്പത്തിക വർഷവും ഒരു ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷവും പ്രസ്തുത ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 234/21നമ്പരായി പ്രോജക്ട് അംഗീകാരം നേടിയിരുന്നു എങ്കിലും നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താവ് പഠനമുറി നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം പഠനമുറി നിർമ്മാണം പൂർത്തീകരിച്ച 5 ഗുണഭോക്താക്കളുടെയും പഠനമുറിയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ നിർണ്ണയിച്ച മൂല്യത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ അഭിജ റ്റി.ബാബുരാജ്, തടത്തിൽ, മുക്കട എന്ന ഗുണഭോക്താവിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ VauationApproximately 110000/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 100000/- രൂപ അനുവദിക്കുകയും ചെയ്തു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, പഠനമുറി നിർമ്മാണം സംബന്ധിച്ച് ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-20ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ തുക നൽകിയതിന്റെ വിവരങ്ങളോ, പൂർത്തീകരണ വിവരങ്ങളോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ ഇല്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ലാത്ത ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്ട് --അപാകതകൾ

2019-20 സാമ്പത്തിക വർഷം സെക്രട്ടറി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ബിൽ നമ്പർ തീയതി | ഫണ്ടിനം |
|---|---|---|---|
| 169/20- തെരുവ് വിളക്ക് മെയിന്റനൻസ് | 116164/- രൂപ | 6/19-20/ 13.6.19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 181/20- തെരുവ് വിളക്ക് വാങ്ങലും പരിപാലനവും | 494502/- രൂപ | 7/19-20.25.6.19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും, നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ് മെമ്പർമാരുടേയും, ഉദ്യോഗസ്ഥരുടേയും ആവശ്യമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും ഉൾപ്പടെ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കരാറുകാരൻ വാങ്ങുന്ന ലൈറ്റുകളും, അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ എത്തിക്കുകയോ, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്യാതെ കരാറുകാരൻ നേരിട്ട് വാങ്ങി സ്ഥാപിക്കുന്നു. കരാറുകാരൻ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഓരോ വാർഡ് മെമ്പർമാരും അതാത് വാർഡുകളിൽ ഇത്ര എണ്ണം ബൾബുകൾ പിടിപ്പിച്ചു എന്ന് വ്യക്തമാക്കി നൽകിയ സാക്ഷ്യപത്രം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളു. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തെരുവുവിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുമാത്രം പ്രോജക്ട് നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

1-25 പി.എച്ച്.സി യിലേക്ക് മരുന്ന് ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,മണിമല 2019-20 വർഷം നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്) പണം അടച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നംമ്പർ | 175/20 (പാലിയേറ്റീവ് കെയർ പരിചരണം) |
| അടങ്കൽ | 12368 |
| ചെലവ് | 12368 (ബിൽ നം. 02/2019-20 തീയതി 10.05.2019) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,മണിമല |

പാലിയേറ്റീവ് കെയർ പരിചരണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നംമ്പർ.175/20) ബിൽ നം. 02/2019-20 തീയതി 10.05.2019 പ്രകാരം 12368/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. 12368/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 12368/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നംമ്പർ | 264/20 (മണിമല/കറിക്കാട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ) |
| അടങ്കൽ | 250000 |
| ചെലവ് | 250000 (ബിൽ നം.03/2019-20 തീയതി 25.11.2019) |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മണിമല |

മണിമല/കറിക്കാട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം .264/20 ) ബിൽ നം.03/2019-20തീയതി 25.11.2019 പ്രകാരം 250000/-രൂപ നൽകിയിട്ടുണ്ടെങ്കിലും 36508/-രൂപയുള്ള മരുന്ന് ലഭിച്ചിട്ടില്ല. 36508/- രൂപയുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 36508/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 70//20 (പാലിയേറ്റീവ് കെയർ പരിചരണം ) |
| അടങ്കൽ | 712368 |
| ചെലവ് | 690823 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മണിമല |

പാലിയേറ്റീവ് കെയർ പരിചരണം എന്ന പ്രോജക്ടിൽ (നമ്പർ 70/20) ബിൽ നം. 05/2019-20 തീയതി 25.11.2019 പ്രകാരം 232848/- രൂപ നൽകിയിട്ടുണ്ടെങ്കിലും 3267/- രൂപയുള്ള മരുന്ന് ലഭിക്കാനുണ്ട്. ഇനിയും ലഭിക്കാനുള്ള 3267/- രൂപയുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 3267/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമ നം.1, 2, 3 പ്രകാരം ലഭ്യമായിട്ടില്ലാത്ത 52,143/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-26 ഭവനപുനരുദ്ധാരണം ( എസ്.സി.പി)) അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി (നമ്പർ 10/20) SCP ഫണ്ടിൽ നിന്നും 2400000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ഒരു ഗുണഭോക്താവിന് വകയിരുത്തിയത് 100000/- രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ നിന്നും ആകെ 31 ഗുണഭോക്താക്കൾ ആദ്യഗഡു 50000/- രൂപ കൈപ്പറ്റിയിരുന്നു. ഇതിൽ 17 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് അവസാനഗഡു വാങ്ങിയതായി കാണുന്നു. ആദ്യഗഡു വാങ്ങിയ 14 ഗുണഭോക്താക്കൾ തൻവർഷം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷം 184/21 നമ്പരായി സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം നേടി. SCP ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം 800000/- രൂപ വകയിരുത്തി 750000/ രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഹാജരാക്കിയ ഫയൽ പ്രകാരം 14 ഗുണഭോക്താക്കൾക്കായി 700000/- രൂപയാണ് ചെലവഴിക്കേണ്ടത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, ഭവനപുനരുദ്ധാരണം സംബന്ധിച്ച രജിസ്റ്റർ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/19-20ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ തുക നൽകിയതിന്റെ വിവരങ്ങളോ, പൂർത്തീകരണ വിവരങ്ങളോ, നിർവ്വഹണ

ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ ഇല്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ വി.ഇ.ഒ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിരപരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 പാർട്ട് ബിൽ നല്കി പ്രവൃത്തി അവസാനിപ്പിച്ചത്.

അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടാണ് 190/20 നമ്പർ ഉറിയകുന്നേൽ ചരളറോഡ് സംരക്ഷണഭിത്തി നിർമ്മാണം. (2017-18 ൽ സാങ്കേതികാനുമതി ലഭിച്ച സ്പിൽ ഓവർ പ്രോജക്ട്) വി.വി.ലതാദേവി എന്ന കരാറുകാരൻ 01-11-17 ൽ കരാർവച്ച് പ്രവൃത്തി ആരംഭിച്ചുവെങ്കിലും 14-03-2019 ൽ പ്രവൃത്തി അളവെടുത്ത് പാർട്ട് ബിൽ നൽകുകയാണുണ്ടായത്.(എം.ബുക്ക് 72/18-19.)

തുക നല്കിയതിന്റെ വിവരം.

പ്രവൃത്തിമൂല്യം - 209519

ടെന്റർ കുറവ് 0.1%-210

റിട്ടൻഷൻ 2.5% - 5233

ഇൻകം ടാക്സ് 1% - 2041

നിർമ്മാണതൊഴിലാളി ക്ഷേമനിധി 1% -2041

മറ്റിനം - 20.

കരാറുകാരന് അനുവദിച്ച തുക - 199975 (ബിൽ നം.07/19-20/24-04-19)

ആറുമാസം ആയിരുന്നു പ്രവൃത്തിയുടെ കാലാവധി. വിശദമായ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന പ്രവൃത്തികൾ സൈഡ് കെട്ട്, സൈഡ് കോൺക്രീറ്റിംഗ് എന്നിവയായിരുന്നു. സൈഡ് കെട്ട് മാത്രം പൂർത്തീകരിച്ചതായാണ് പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് എന്നിവ പ്രകാരം വ്യക്തമാകുന്നത്.

പ്രവൃത്തിയുടെ കരാർ വച്ച് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും പിന്നീട് നടപടികൾ സ്വീകരിക്കാത്തതിൽ നിന്ന് പ്രവൃത്തിയുടെ അവശ്യകത ഉറപ്പാക്കാതെയാണ് പ്രോജക്ട് ഏറ്റെടുത്തത് എന്നാണ് വ്യക്തമാകുന്നത്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാതെ ഫണ്ടുകൾ ലാപ്സാകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| | വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കേഷന് കണക്കുകൾ |
|---|---|---|---|

| | ലഭിച്ച തീയതി | പരിശോധിച്ച തീയതി |
|---|---|---|
| | | 03/11/2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ആലപ്പാട്ട് പടി-ക്കുവനാൽ പടി റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| | 2019-20 | 0 | പാലിയേറ്റിവ് കെയർ പരിചരണം | 178480 | -178480 |
| | 2019-20 | 367267 | ലൈഫ് ഭവനനിർമ്മാണ പദ്ധതി -എസ്.റ്റി | 165560 | 289589 |
| | 2019-20 | 447760+245903 | ലൈഫ് ഭവനനിർമ്മാണ പദ്ധതി(എസ്.സി) | 100000 | 593663 |
| | 2019-20 | 100000 | അനുപൂരക പോഷകാഹാരം-ജനറൽ | 200000 | -100000 |
| | 2019-20 | 166286 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 286300 | -120014 |
| | 2019-20 | 252960 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 252960 | 0 |
| | 2019-20 | 18686 | ലൈഫ് ഭവനനിർമ്മാണ പദ്ധതി(ജനറൽ) | 0 | 118686 |
| | 2019-20 | 200000 | ഇടപ്പാറ-പൊന്തൻപുഴ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് കോൺക്രീറ്റിംഗ് | | |
| | 2019-20 | 200000 | പ്ലാവനാക്കുഴിപടി-കണ്ണാട്ടുകുന്നേൽപടി റോഡ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2019-20 | 166286 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 286300 | -120014 |
| | 2019-20 | 39937 | ലൈഫ് ഭവനനിർമ്മാണം-എസ്.റ്റി | 21240 | 18697 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ | 204/20,പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ അധികതുക അടവാക്കൽ | 365667 | 0 | 365667 |
| പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രോണിക്സ് സബ് ഡിവിഷൻ | 167/20,പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 185200 | 0 | 185200 |
| പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ | 168/20,പഞ്ചായത്തോഫീസ് ഇലക്ട്രിഫിക്കേഷൻ | 300000 | 0 | 300000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 263/20,വൈദ്യുത പോസ്റ്റ് മാറ്റൽ | 69147 | 0 | 69147 |
| എം.ജി.എൻആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ. | 278/20,1-ാം വാർഡ് അങ്കണവാടിനിർമ്മാണം അധികതുക അടവാക്കൽ | 55786 | 0 | 55786 |
| എം.ജി.എൻആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ. | 280/20, 11ാം വാർഡ് അങ്കണവാടിനിർമ്മാണം അധികതുക അടവാക്കൽ | 210224 | 0 | 210224 |
| കേരള വാട്ടർ അതോറിട്ടി | 165/20,പൈപ്പ് ലൈൻ നീട്ടൽ | 290000 | 0 | 290000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.)നം. 68/18 എൽ.എസ്.ജി.ഡി. തീയതി 18/05/18 | | 3552452 | | 397059 | | 3155393 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 120221 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 9918 |
| ആകെ | 130139 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 130139 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| മണിമല സർവ്വീസ് കോപറേറ്റീവ് ബാങ്ക് | 130139 | 1 വർഷം | 8.25% |

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 1 | 2003-04 | 3-5-1 | ജലസേചന | പരാമർശിത |

| | | | | | |
|---|---|---|---|---|---|
| ജനകീയാസൂത്രണം | | | | പദ്ധതികളിൽ പാഴ്ച്ചെലവ് | ജലസേചന പദ്ധതികളിൽ കൊന്നക്കുളം ജലസേചനപദ്ധതി, കുറിഞ്ഞിപ്പുരയിടം ജലസേചനപദ്ധതി എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു. |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 65626320 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47281045 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1947096 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1186024 | രേണുകാദേവി അമ്മാൾ എസ്., സെക്രട്ടറി |
| 1-17 | 290000 | പാർവ്വതി വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 120000 | മോളമ്മ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-20 | 96165 | ഷോളി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 157358 | ഷോളി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 45406 | ഷോളി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 52143 | ഡോ.മുഹമ്മദ് ആസിഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 1947096 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാനവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 വരവ് | എൽ.എഫ്.കെ.പി13/922 /അദാലത്ത് 14/28.11.14 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി13/527 /അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി13/572 /അദാ./14/7.1.15 | 1 |
| 2000-01 2001-02 പ്ലാൻ | എൽ.എഫ്.കെ.പി13/1804 /16/05.12.17 | 9 |
| 2003-04 | എൽ.എഫ്.കെ.പി13/433 /15/11.11.15 | 9 |
| 2004-05 | എൽ.എഫ്.കെ.പി13/1384 /15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി13/434 /15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി13/16 /04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി13/435 /16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി13/1038 /16/12.06.17 | 15 |
| 2009-10,2010-11 | എൽ.എഫ്.കെ.പി13/1582 /14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി13/515 /16/07.09.16 | 11 |
| 2012-13 | എൽ.എഫ്.കെ.പി13/648 /16/30.05.17 | 7 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി13/380 /16/6.5.16 | 12 |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി13/1501 /16/29.04.17 | 18 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി 13/1933/2016/13.12.16 | 22 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | 18 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി 11/1143/1019 | 25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്